**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2232** **21-06-2024 - ൽ മറുപടിയ്ക്ക്**

**ഹീമോഫീലിയ മരുന്നിന്റെ അപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഹീമോഫീലിയ രോഗികൾക്ക് സ്ഥിരമായി ഉപയോഗിക്കേണ്ട മരുന്നിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ആശുപത്രികളിൽ 'ആശാധാര സ്കീം' പ്രകാരം വിതരണം ചെയ്ത് വരുന്ന ആന്റി ഹീമോഫീലിയ മരുന്നുകൾ**ക്ക്** അപര്യാപ്തത ഉണ്ടായിട്ടില്ല. എന്നാൽ ഹീമോഫീലിയ-എ ചികിത്സയിൽ ഉപയോഗിക്കുന്ന റീകോമ്പിനൻറ്റ് ഫാക്ടർ VIII ന്റെ ആഗോള തലത്തിലെ ക്ഷാമം കാരണം 250 iu & 500 iu പോലുള്ള ലോവർ സ്ട്രെങ്ത് ഫാക്ടറുകൾക്ക് അപര്യാപ്തത ഉണ്ടാകുന്നു. |
| (ബി) | മരുന്നിന്റെ അപര്യാപ്തത മൂലം ഹീമോഫീലിയ രോഗികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വിശദമാക്കാമോ? | (ബി) | ഹയർ സ്ട്രെങ്ത് ഫാക്ടറുകളായ 1000iu & 1500ഇ മരുന്നുകൾ കൂടുതൽ സംഭരിച്ചുകൊണ്ട് ഈ സാഹചര്യം മറികടക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും പാഴാകാതിരിക്കാൻ മരുന്നുകളുടെ വിതരണം കേന്ദ്രീകൃതമാക്കുകയും ചെയ്തു. ഹീമോഫീലിയ രോഗികളുടെ ജീവൻ രക്ഷാ ചികിത്സയെ ബാധിക്കാത്ത വിധത്തിൽ ഇക്കാര്യം ഇതുവരെ കൈകാര്യം ചെയ്യാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ